(ബി) ഇങ്ങനെയുള്ള ഒരു ആവശ്യം ഇതുവരെ ഉയർന്നിട്ടില്ല.

(സി) സബ് ഓഫീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

നോർക്കയുടെ കീഴിൽ സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്യുന്നതിനുള്ള സംവിധാനം

157 [1567] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നോർക്കയുടെ കീഴിൽ സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്യുന്നതിനുള്ള സംവിധാനം നിലവിൽ വരുമോ എന്നറിയിക്കാമോ;

(ബി) ഇപ്പോൾ സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്ത് നൽകുന്നതിന് പരമാവധി എത്ര സമയം എടുക്കുന്നുണ്ട്;

(സി) പ്രസ്തുത സ്ഥാപനം തിരുവനന്തപുരത്ത് സ്ഥാപിച്ചതിനുശേഷം ഇതുവരെ എത്ര സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്ത് നൽകിയിട്ടുണ്ട് എന്നറിയിക്കാമോ?

ഉത്തരം

(എ) കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിലുള്ള കേന്ദ്ര മാനവവിഭവശേഷി വികസന മന്ത്രാലയം, വിദേശ കാര്യ മന്ത്രാലയം എന്നിവയ്ക്കാണ് സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിനുള്ള അധികാരമുള്ളത്. കൂടാതെ ഉദ്യോഗാർത്ഥികളുടെ വിദ്യാഭ്യാസ യോഗ്യതാ സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട വിദേശ രാജ്യത്തിന്റെ ഇൻഡ്യയിലുള്ള എംബസ്സി/കോൺസുലേറ്റിൽ നിന്നും സാക്ഷ്യപ്പെടുത്തി വാങ്ങേണ്ടതാണ്. നോർക്ക വകുപ്പിന്റെ കീഴിൽ സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റു ചെയ്യുന്നതിന് കേന്ദ്രസർക്കാരിന്റെ അനുമതി ആവശ്യമാണ്. കൂടാതെ കേരള സർക്കാരിന്റെ അറ്റസ്റ്റേഷൻ വിദേശ രാജ്യങ്ങൾ അംഗീകരിക്കേണ്ടതായിട്ടുമുണ്ട്.

(ബി) ഇപ്പോൾ സർട്ടിഫിക്കറ്റ് അറ്റസ്റ്റ് ചെയ്ത് നൽകുന്നതിന് പരമാവധി 30 മുതൽ 45 ദിവസം വരെ എടുക്കുന്നുണ്ട്.

(സി) 2004 ജനുവരി 30-ന് ഉദ്ഘാടനം ചെയ്ത, നോർക്കയുടെ ഫീൽഡ് ഏജൻസിയായ 'നൂട്സി'-ൽ പ്രവർത്തിക്കുന്ന, കേന്ദ്ര മാനവവിഭവശേഷി വികസന മന്ത്രാലയത്തിന്റെ പ്രാദേശിക സാക്ഷ്യപ്പെടുത്തൽ കേന്ദ്രത്തിൽ ജൂൺ 30 വരെ 13771 അപേക്ഷകരുടെ 17204 സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly